"ഭരണഭാഷ — മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ജീവനകാര്യം-പത്തനംതിട്ട ജില്ല — മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ചിഞ്ചു.വി.എൽ- ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.257/2025/LSGD തീയതി, തിരുവനന്തപുരം, 26-01-2025

---

പരാമർശം:—

1. 23.04.2020ലെ സ.ഉ(കൈ) നം 81/2020/പൊ.ഭ.വ നമ്പർ ഉത്തരവ്
2. പഞ്ചായത്ത് ഡയറക്ടറുടെ 05.08.2020 തീയതിയിലെ PAN/505/2020-E14 നമ്പർ നടപടിക്രമം
3. തദ്ദേശ സ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ 09.06.2022 തീയതിയിലെ PAN/505/2020-E14 നമ്പർ നടപടിക്രമം
4. തദ്ദേശസ്വയംഭരണ വകുപ്പ് പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ 04.09.2023 തീയതിയിലെ LSGD/JD/PTA/142/2023-B3 നമ്പർ നടപടിക്രമം
5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.10.2024-ലെ LSGD/PD/16945/2024-DEC3 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ചിഞ്ചു.വി.എൽ-ന്റെ പ്രൊബേഷൻ കാലയളവ് 17.08.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിക്കുന്നതിന് പരാമർശം (5) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടുണ്ട്.

2. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആഭ്യന്തര വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സൂപ്പർ ന്യൂമററിയായി 03.03.2016 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി ചിഞ്ചു.വി.എൽ-നെ പരാമർശം (1) പ്രകാരം പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുകയും പരാമർശം (2) പ്രകാരം ടിയാളെ മല്ലപ്പള്ളി ഗ്രാമ പഞ്ചായത്തിൽ നിയമിക്കുകയും ചെയ്തിരുന്നുവെന്നും 27.08.2020-ൽ പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിച്ച ടിയാളുടെ നിയമനം പരാമർശം (3) പ്രകാരം 17.08.2019 പ്രാബല്യത്തിൽ ക്രമവൽകരിച്ചിട്ടുള്ളതാണെന്നും എന്നാൽ ടിയാൾ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ എം ഒ പി പരീക്ഷ യഥാസമയം വിജയിക്കാത്തതിനാൽ, ടിയാളുടെ നിരീക്ഷണ കാലയളവ് പരാമർശം (4) പ്രകാരം 17.08.2021 മുതൽ ഒരു വർഷത്തേക്ക്

ദീർഘിപ്പിച്ചിട്ടുണ്ടെന്നും, ടിയാൾ 22.11.2022 ന് എം ഒ പി വിജയിച്ചിട്ടുണ്ടെന്നും ടിയാൾക്കെതിരെ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാളുടെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (5) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീമതി ചിഞ്ചു വി എൽ — ന്റെ പ്രൊബേഷൻ, ടിയാൾ എം. ഒ. പി പരീക്ഷ വിജയിച്ച 22.11.2022 തീയതിയുടെ തൊട്ടടുത്ത ദിവസമായ 23.11.2022 FN ന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ്, ടിയാളുടെ പ്രൊബേഷൻ കാലയളവ് KS&SSR Part-II, Rule 21 -ന് വിധേയമായി 17.08.2022 മുതൽ 24.11.2022 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/ തൃശ്ശൂർ.
3. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5. ശ്രീമതി. ചിഞ്ചു വി എൽ, ക്ലർക്ക് , മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6. ഡയറക്ടർ . ഐ കെ എം
7. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8. കരുതൽ ഫയൽ (ഫയൽ നം.241/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 27-01-2025 10:45:21
സെക്ഷൻ ഓഫീസർ